സ്ഥലങ്ങൾ യാതൊരു രേഖകളും ഇനിപ്പിക്കാതെ അവിടത്തെ വനം വകുപ്പുദ്യോഗസ്ഥന്മാർ പ്രതിഫലംവാങ്ങി അനധികൃതമായി കയ്യേറുവാൻ അനുവാദം കൊടുത്തുവരുന്നതായി ഗവണ്മെൻറ് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) അവിടത്തെ ഫോറസ്റ്റർ വേലായുധനെപ്പറ്റി പരാതികൾ ലഭിച്ചിട്ടുണ്ടോ;

(സി) പരാതികളുടെ അടിസ്ഥാനത്തിൽ വല്ല അന്വേഷണങ്ങളും നടത്തിയിട്ടുണ്ടോ?

ഉത്തരം.

(എ) ഇല്ല.
(ബി) ഉണ്ട്.
(സി) ഉണ്ട്.

ഭൂമിവിതരണം.

100. [38] ശ്രീ. കെ. എ. ബാലൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) ഉടമ്പംചോല, പൂപ്പാറ, പള്ളിവാസൽ ഈ പ്രകൃതികളിൽ വളരെ കൊല്ലങ്ങളായി നിരോധനക്കരം കെട്ടിക്കൃഷിചെയ്തുവരുന്ന കർഷകക്കുടുംബങ്ങൾക്ക് ഭൂമി വിതരണം ചെയ്യുന്നതിന് ഗവണ്മെൻറ് കായ്മായ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതു സംബന്ധിച്ച് കർഷകസംഘത്തിൽ നിന്നും നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) അതിന്മേൽ എന്തു നടപടി ഗവണ്മെൻറ് കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നു?

ഉത്തരം.

(എ) ഉണ്ട്. കായ്മായ നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

(ബി, സി) കർഷകസംഘത്തിൽനിന്നും നിവേദനങ്ങൾ ഒന്നും ലഭിക്കാത്തതിനാൽ അതിന്മേൽ നടപടി എടുക്കേണ്ട ആവശ്യം ഉണ്ടായിട്ടില്ല.

Primary Schools.

101. [40] SHRI T. T. DANIEL : Will the Minister for Education be pleased to State :

(a) the number of Primary-Schools on Taluk-war basis in the Taluks of Thovala, Agasteeswaram, Kalkulam, Vilavancode and in the Nagercoil Town ;

(b) how many Tamilians are employed in the above schools; and

(c) out of these how many of them are confirmed ?

LIBRARY ARCHIVES Kerala Legislative Assembly

Answer

(a) Thovala	30
Agasteeswaram	72
Kalkulam	116
Vilavancode	122
Nagercoil Town	27
	367

(b) 1327.

(c) 872.

Export of Rubber

102. [41] SHRI T. T. DANIEL: Will the Minister for Land Revenue be pleased to state:

(a) how many tons of rubber were exported from Travancore-Cochin State in the years 1952, 53 & 54; and

(b) their price?

Answer

(a) A † statement is placed on the table.

(b) A ‡ statement of prices of the various kinds of rubber is placed on the table.

Rubber Holdings.

103. [42] SHRI T. T. DANIEL: Will the Minister for Land Revenue be pleased to state what is the extent of rubber holdings held in the name of the various companies in the State?

Answer

The extent of rubber planted area held in the name of various companies is 56,049.99 acres.

ഐ. എൻ. ടി. യു. സി.

104. [43] ശ്രീ. പി. ആർ. മാധവൻ പിള്ള: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഗവണ്മെൻറും ഐ. എൻ. ടി. യു. സി-യും തമ്മിലുള്ള ബന്ധം എന്താണ്;

ഐ. എൻ. ടി. യു. സി–യുടെ കീഴിലുള്ള യൂണിയനുകളിൽ എങ്ങിനെയും തൊഴിലാളികളെ ചേർക്കാൻ പോലീസും, ലേബർഓഫീസും പ്രവർത്തിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ?

† Please see Appendix No. X.
‡ Please see Appendix No XI.

LIBRARY ARCHIVES Kerala Legislative Assembly